(ബി) ഉണ്ട്. 78.81 കൊടി രൂപയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കോട്ടുളി, വളയനാട് വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം പണിയാൻ നടപടി

15 (2773) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ കോട്ടുളി, വളയനാട് എന്നീ വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഈ വില്ലേജ് ഓഫീസുകൾ നിർമ്മിക്കാൻ സ്ഥലം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സ്ഥലം കണ്ടെത്തി പ്രസ്തുത വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോട്ടുളി, വളയനാട് എന്നീ വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി&സി) കോട്ടുളി വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ടി വില്ലേജിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാനസികാരോഗ്യ കേന്ദ്രം വക സ്ഥലത്തുനിന്നും 5 സെന്റ് ഭൂമി ലഭ്യമാക്കാൻ ശ്രമം നടത്തി വരികയാണ്. വളയനാട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മാണത്തിന് കോഴിക്കോട് മീൻചന്ത ബൈപാസ് റോഡിന്റെ വശത്ത് ടി. സി. 24-9-341-ൽപ്പെട്ട ഭൂമി ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഭൂമി റവന്യൂ ഭൂമിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യം ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിർത്തലാക്കിയ റവന്യൂ ഓഫീസുകൾ

16 (2774) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും ഓഫീസുകൾ നിർത്തലാക്കുകയോ സ്ഥലം മാറുകയോ ചെയ്തിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly